ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.04.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ സൗദി അറേബ്യ സന്ദർശനത്തിന് ഇന്ന് തുടക്കം.
2. വയനാട് ഭൂരഹിതരായ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.
3. മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ സുപ്രീംകോടതി ശരിവച്ചതായി റവന്യൂ മന്ത്രി കെ. രാജൻ.
4. ലഹരിക്കെതിരെ ഒറ്റക്കെട്ടായി മുന്നോട്ടു പോകുമ്പോൾ ഒരു മേഖലയും നിയമത്തിന് അതീതമാകില്ലെന്ന് മന്ത്രി പി രാജീവ്.
5. കാലം ചെയ്ത മാർപ്പാപ്പയ്ക്ക് ആദരമർപ്പിച്ച് ലോകം. അന്ത്യവിശ്രമത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.
6. "നമ്മുടെ ശക്തി, നമ്മുടെ ഗ്രഹം" എന്ന പ്രമേയവുമായി ഇന്ന് ലോക ഭൗമ ദിനം.
7. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ - ഡൽഹിയെ നേരിടും.

&&&&&&&&&&&&&&&&&&&

RNUTVPM

## ഹെഡ് ലൈൻ - 1

## പ്രധാനമന്ത്രി - അറബ് ന്യൂസ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ സൗദി അറേബ്യ സന്ദർശനത്തിന് ഇന്ന് തുടക്കം. ജെദ്ദയിൽ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായി ചേർന്ന് തന്ത്ര പ്രധാന പങ്കളിത്ത കൗൺസിൽ യോഗത്തിൽ ശ്രീ നരേന്ദ്ര മോദി പങ്കെടുക്കും. സമാധാനവും സ്ഥിരതയും സംരക്ഷിക്കുന്നതിൽ ഇന്ത്യയും സൗദി അറേബ്യയും തല്പരരാണെന്ന്, സൗദി സന്ദർശനത്തിന് മുന്നോടിയായി അറബ് ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിത്തിൽ പ്രധാനമന്ത്രി പറഞ്ഞു.സൗദി അറേബ്യ , ഇന്ത്യയുടെ വിശ്വസ്ത സുഹൃത്തും തന്ത്രപരമായ പങ്കാളിയുമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## മുഖ്യമന്ത്രി - വയനാട് ( ഇൻട്രോ )

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാടിനെ സഹായിക്കാൻ കേരളം ഒന്നാകെ അണിനിരന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. കൽപറ്റയിൽ വയനാട് ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ഉരുൾപൊട്ടൽ ദുരന്തമുണ്ടായപ്പോൾ യുവാക്കൾ ഉൾപ്പെടുന്ന നാട്ടുകാർ സേനകളോടൊപ്പം രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

( വോയിസ്... )

&&&&&&&&&&&&&&&&&&&&

## വയനാട് (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയ്ക്ക്

RNU TVPM

കൽപ്പറ്റ എസ്.കെ.എം.ജെ. സ്കൂളിൽ തുടക്കമായി . ആഘോഷങ്ങൾ ഒഴിവാക്കി മേളയുടെ ഔദ്യോഗിക ഉൽഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

## മന്ത്രി കെ. രാജൻ

വയനാട് പുനരധിവാസത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ സുപ്രീംകോടതി അംഗീകരിച്ചുവെന്ന് റവന്യൂ മന്ത്രി കെ. രാജൻ. 2026 പുതുവത്സരത്തിൽ എല്ലാ വീടുകളും പൂർത്തിയാക്കുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, കോഴിക്കോട് വിലങ്ങാട് പുനരധിവാസം സംബന്ധിച്ച് ഇന്ന് യോഗം ചേരും. മുനമ്പം വിഷയത്തിൽ, അർഹരായ എല്ലാവർക്കും ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുമെന്നും മന്ത്രി പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

## മന്ത്രി പി. രാജീവ് - ഷൈൻ ടോം ചാക്കോ

ചലച്ചിത്ര നടൻ ഷൈൻ ടോം ചാക്കോക്കെതിരായ കേസ് ഗൗരവമായി തന്നെയാണ് പോലീസും എക്സൈസും കാണുന്നതെന്ന് മന്ത്രി പി രാജീവ്. അന്വേഷണവുമായി സഹകരിക്കുമെന്ന് വിൻസി വ്യക്തമാക്കിയിട്ടുണ്ട്. ലഹരിക്കെതിരെ പോലീസും എക്സൈസും നാടും ഒറ്റക്കെട്ടായി മുന്നോട്ടു പോവുകയാണ്. ഏതെങ്കിലും വ്യക്തിയോ മേഖലയോ നിയമത്തിന് അതീതമാകില്ലെന്നും മന്ത്രി കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## മുതലപ്പൊഴി മണൽ നീക്കം

അഴിമുഖത്തെ മണൽ നീക്കം സംബന്ധിച്ച് പ്രതിഷേധമുയർന്ന മുതലപ്പൊഴിയിൽ, പൊഴി മുറിയ്ക്കൽ നടപടികൾ ആരംഭിച്ചു. 3 മീറ്റർ ആഴത്തിലും 13 മീറ്റർ വീതിയിലും ജെ സി ബികൾ ഉപയോഗിച്ച് ഭാഗികമായാണ് പൊഴി മുറിയ്ക്കുന്നത്. മത്സ്യത്തൊഴിലാളികളുമായി ഇന്നലെ നടത്തിയ ചർച്ചയിൽ പൊഴി മുറിയ്ക്കാൻ സമ്മതിച്ചിരുന്നു. വ്യാഴാഴ്ച വലിയ ഡ്രഡ്ജർ എത്തുന്നതോടെ മണൽ നീക്കം വേഗത്തിലാകും.

&&&&&&&&&&&&&&&&&&&&

## തൊഴിലുറപ്പ് പദ്ധതി - കുടിശ്ശിക

തൊഴിലുറപ്പു പദ്ധതിയിൽ കുടിശ്ശികയുൾപ്പെടെ കേരളത്തിന് 1082.67 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 985.84 കോടി രൂപയും നടപ്പു സാമ്പത്തികവർഷത്തേക്കുള്ള വിഹിതവുമാണ് ലഭിക്കുക.

PRD TVPM

&&&&&&&&&&&&&&&&&&&&

## പാഠപുസ്തക വിതരണം

പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനവും സംസ്ഥാനതല വിതരണോദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. കഴിഞ്ഞവർഷം പരിഷ്കരിച്ച ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലെ പാഠപുസ്തകങ്ങളും ഈ വർഷം പരിഷ്കരിക്കുന്ന രണ്ട്, നാല്, ആറ്, എട്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പ് തിരുവനന്തപുരം കനകക്കുന്നിൽ പുരോഗമിക്കുന്നു. 10 ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന വിപണനമേളയുടെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. എക്സ്പോയുടെ

സ്റ്റാളുകളും പ്രദർശനവും ബിഹാർ സഹകരണ വകുപ്പ് മന്ത്രി പ്രേം കുമാർ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## അന്ത്യവിശ്രമം - മാർപാപ്പ

കാലം ചെയ്ത മാർപാപ്പയ്ക്ക് ലോകത്തിൻറെ ആദരം. പുനരുത്ഥാന ദിനത്തിനായി കാത്തിരിക്കുന്ന എന്റെ മർത്യശരീരം വിശുദ്ധ മേരി മേജറിന്റെ പാപ്പൽ ബസലിക്കയിൽ വിശ്രമിക്കണമെന്നാണ് ആഗ്രഹം.

2022 ജൂൺ 29-ന് പ്രസിദ്ധീകരിച്ച ഫ്രാൻസിസ് മാർപാപ്പയുടെ ആത്മീയ ഉടമ്പടിയിലാണ് അന്ത്യ വിശ്രമ ഇടത്തെ കുറിച്ച് ഫ്രാൻസിസ് പാപ്പ ഇങ്ങനെ ആഗ്രഹം പ്രകടിപ്പിച്ചത് .കല്ലറ നിലത്തായിരിക്കണം; ലളിതമായി, പ്രത്യേക അലങ്കാരങ്ങളില്ലാതെ, ഫ്രാൻസിസ്കസ് എന്ന ലിഖിതം മാത്രം ഉൾക്കൊള്ളണം എന്നും ഉടമ്പടിയിൽ അദ്ദേഹം സൂചിപ്പിക്കുന്നു. സംസ്കാര ശുശ്രൂഷകൾ സംബന്ധിച്ച അന്തിമ തീരുമാനം നാളെ നടക്കുന്ന കര്ദിനാള്മാരുടെ യോഗത്തിനു ശേഷം പ്രഖ്യാപിക്കും .

RNU TVPM

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 6

## ഭൗമ ദിനം (ഇൻട്രോ)

ഇന്ന് ലോക ഭൗമ ദിനം. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും ഭൗമസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ലോകമെമ്പാടും 1970 മുതൽ ദിനാചരണം സംഘടിപ്പിച്ചു വരുന്നത്. "നമ്മുടെ ശക്തി, നമ്മുടെ ഗ്രഹം" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് സുസ്ഥിര വികസനം പ്രധാനമാണെന്ന്, കേരള സർവകലാശാല ഭൗമശാസ്ത്ര വകുപ്പ് അധ്യാപകൻ പ്രൊഫസർ ജയ് കിരൺ ആകാശവാണി

വാർത്തകൾക്ക് നൽകിയ ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.
( വോയിസ്... )

&&&&&&&&&&&&&&&&&&&&

**രാജീവ് ചന്ദ്രശേഖർ - മലപ്പുറം**

ബിജെപി മലപ്പുറം വെസ്റ്റ് ജില്ലാ കൺവെൻഷനും പുതിയ ജില്ലാ ഓഫീസിൻറെ ഉദ്ഘാടനവും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഇന്ന് നിർവഹിച്ചു. "വികസിത ഭാരതത്തിനൊപ്പം മാറാത്ത കേരളം ഇനി മാറും" എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന അധ്യക്ഷൻറെ ജില്ല സന്ദർശനത്തിൻറെ ഭാഗമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. വികസിത കേരളം യാഥാർഥ്യമാക്കുമെന്നും ജനങ്ങൾ ആവശ്യപ്പെടുന്ന മാറ്റങ്ങൾ ബിജെപിക്ക് നല്കാൻ കഴിയുമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**ആശ - സമരം**

സെക്രട്ടറിയേറ്റിനു മുന്നിലെ സമരത്തിനൊപ്പം രാപകൽ സമരയാത്രയുമായി ആശവർക്കർമാർ. സംസ്ഥാനതലത്തിൽ മേയ് അഞ്ചു മുതൽ ജൂൺ 17 വരെയാണ് യാത്ര സംഘടിപ്പിക്കുന്നത്. കാസർകോട് നിന്നു തുടങ്ങുന്ന യാത്ര തിരുവനന്തപുരത്ത് അവസാനിക്കും.

&&&&&&&&&&&&&&&&&&&&

**കോട്ടയം - ഇന്ദ്രപ്രസ്ഥം**

കോട്ടയത്തെ ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം ഉടമയെയും ഭാര്യയെയും വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി . നഗരമധ്യത്തിലെ വീടിനുള്ളിൽ വിജയകുമാർ ,ഭാര്യ മീര എന്നിവരെ മരിച്ച നിലയിൽ വീട്ടു ജോലിക്കാരിയാണ് കണ്ടത് . മരണ കാരണം സ്ഥിരീകരിച്ചിട്ടില്ല. ഉന്നത പോലീസ് സംഘം സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു .

&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 7

### ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 39 റൺസിന്റെ ജയം നേടി.

199 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്തക്ക്, നിശ്ചിത ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 159 റൺസ് നേടാനെ കഴിഞ്ഞുള്ളു.

&&&&&&&&&&&&&&&&&&&&

### ചെസ്സ് - ഹംപി

പൂനെയിൽ നടന്ന വനിതാ ഗ്രാൻഡ് പ്രീ ചെസ്സിൻറെ ഏഴാം റൗണ്ടിൽ ഇന്ത്യയുടെ കൊനേരു ഹംപിയ്ക്ക് ജയം. ചൈനീസ് ഗ്രാൻഡ് മാസ്റ്റർ ഷു ജിനറിനെ പരാജയപ്പെടുത്തിയ ഹംപി ഇതോടെ ലീഡ് സ്വന്തമാക്കി. ഇന്ന് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് -ഷു ജിനറിനെ നേരിടും. എട്ടാം റൗണ്ട് മത്സരങ്ങൾ ഇന്ന് വൈകുന്നേരം 3 മണിക്ക് ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&

### ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 285 പോയിന്റ് നേട്ടത്തിൽ 79,695 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 73 പോയിന്റ് ഉയർന്ന് 24,198 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വിലയിൽ ഇന്നും കുതിപ്പ്. ഗ്രാമിന് 275 രൂപ കൂടി 9,290 രൂപയും പവന് 2,200 രൂപ കൂടി 74,320 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&

<u>കാലാവസ്ഥ</u>

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. തുടർച്ചയായി കൂടുതൽ സമയം വെയിലേൽക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണം. പകൽ 10 മുതൽ 3 മണി വരെയുള്ള സമയങ്ങളിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക. അതേസമയം സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

<u>ജലവിതരണം - തടസ്സം</u>

കേരള വാട്ടർ അതോറിറ്റിയുടെ വെള്ളയമ്പലത്തുള്ള ശുദ്ധീകരണശാലയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ നാളെ ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 10 മണി വരെ തിരുവനന്തപുരം നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലവിതരണം ഭാഗികമായി തടസ്സപ്പെടും. ഉപഭോക്താക്കൾ വേണ്ട മുൻ കരുതലുകൾ സ്വീകരിക്കണമെന്ന് ജല അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&

RNU TVPM